| 03–10–2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – നിങ്ങൾ ആത്മീയ യോദ്ധാക്കളാണ്, നിങ്ങൾക്ക് ബാബയിൽ നിന്നും ജ്ഞാനത്തിന്റെ വലിയ–വലിയ വെടിയുണ്ടകളാണ് ലഭിക്കുന്നത്, ഇതിലൂടെ നിങ്ങൾ മായയാകുന്ന ശത്രുവിനുമേൽ വിജയം പ്രാപിക്കുന്നു.**

**ചോദ്യം –** ഏതൊരു രഹസ്യത്തെ മനസ്സിലാക്കുന്നതിലൂടെയാണ് നിങ്ങൾ നിശ്ചിന്ത ചക്രവർത്തിയാകുന്നത്?

**ഉത്തരം –** മുഴുവൻ ഡ്രാമയുടെയും രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കുന്നതിലൂടെ നിശ്ചിന്ത ചക്രവർത്തിയായിത്തീർന്നു. നമ്മൾ പഴയ കർമ്മക്കണക്കുകൾ തീർത്ത്, ജ്ഞാന–യോഗത്തിലൂടെ 21 ജന്മത്തേക്ക് തന്റെ സഞ്ചി നിറച്ചു കൊണ്ടിരിക്കുകയാണെന്ന് നിങ്ങൾക്കിപ്പോൾ അറിയാം. നമ്മൾ ശിവബാബയുടെ പേരക്കുട്ടിയും ബ്രഹ്മാബാബയുടെ സന്താനങ്ങളുമാണ്...... പിന്നെ ഏത് കാര്യത്തെക്കുറിച്ച് ചിന്തിക്കണം.

**ഗീതം –** ഭാഗ്യം ഉണർത്തി വന്നിരിക്കുന്നു....

**ഓംശാന്തി.** ബാബ മനസ്സിലാക്കിത്തരുന്നു എന്റെ ഓമനകളായ കുട്ടികളേ, നിങ്ങൾ ഗുപ്ത സൈന്യമാണ്, നിങ്ങൾ കുട്ടികൾക്ക് ജ്ഞാനത്തിന്റെ വെടിമരുന്ന്, അതായത് ജ്ഞാനത്തിന്റെ വലിയ–വലിയ വെടിയുണ്ടകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്കറിയാം ഇത് മുമ്പുള്ള അതേ ഗീതയുടെ എപ്പിസോഡാണ് അതായത് ഡ്രാമയുടെ അതേ പാർട്ട് വീണ്ടും അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. മഹാഭാരതയുദ്ധവുമായി സംബന്ധമുള്ള ശാസ്ത്രം ഗീത മാത്രമാണ്. നിങ്ങൾ കുട്ടികൾ ഗുപ്ത സൈന്യമാണ്. എങ്ങനെയാണോ മറ്റു സൈനികർ ശക്തമായ വെടിയുണ്ടകളുണ്ടാക്കാനായി പ്രയത്നിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ ശിവബാബ പറയുന്നു നിങ്ങൾക്ക് ശിവബാബയിലൂടെ വളരെ നല്ല–നല്ല ജ്ഞാനത്തിന്റെ വെടിയുണ്ടയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ മനുഷ്യരിലേക്ക് വളരെ നല്ല രീതിയിൽ ശംഖധ്വനി മുഴക്കൂ, ഗീതയുടെ പാർട്ട് വീണ്ടും ആവർത്തിക്കുകയാണ്, സ്വർഗ്ഗീയ ദൈവീക രാജധാനി വീണ്ടും സ്ഥാപിക്കപ്പെടുകയാണ്. നിങ്ങൾ കുട്ടികൾ തനിക്കു വേണ്ടിയാണ് രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുന്നത്. മറ്റു സൈനികർ തന്റെ രാജാ–റാണിയ്ക്കു വേണ്ടിയാണ് പ്രയത്നിക്കുന്നത്. നിങ്ങൾ അവനവനു വേണ്ടിയാണ് മായയുടെ മേൽ വിജയം കൈവരിച്ച് 21 ജന്മത്തേക്ക് ചക്രവർത്തി പദവി നേടുന്നത് – 5000 വർഷങ്ങൾക്കു മുമ്പത്തേതു പോലെ. നമ്മൾ നമ്മുടെ ഭാഗ്യത്തെയാണ് സൃഷ്ടിക്കുന്നതെന്ന് ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിലുണ്ട്. മറ്റുള്ള സൈനികർ അല്പകാലത്തേക്കു തന്നെ വളരെ ഉയർന്ന വേതനം നേടുന്നു. ഇവിടെ നിങ്ങൾ ഓരോരുത്തരും 21 ജന്മത്തേക്ക് വേണ്ടിയുള്ള പ്രാപ്തി നേടുന്നു. നിങ്ങൾക്ക് മമ്മാ–ബാബയെക്കാളും ഉന്നത തലത്തിലേക്ക് പോകാൻ സാധിക്കും. എന്നാൽ വിവേകം പറയുന്നു, മമ്മാ–ബാബയെക്കാളും ഉയർന്ന തലത്തിൽ ആർക്കും പോകാൻ സാധിക്കില്ല. സൂര്യനും ചന്ദ്രനും ഗ്രഹണം ബാധിച്ചാൽ അത് പൊട്ടി വീഴില്ല. എന്നാൽ നക്ഷത്രങ്ങൾക്ക് ബാധിക്കുകയാണെങ്കിൽ അത് പൊട്ടിപ്പോകുന്നു. ബാബ പറയുന്നു, എന്റെ ഓമന കുട്ടികളേ, ഞാൻ നിങ്ങൾ കുട്ടികളേ എന്തുകൊണ്ട് ഓർമ്മിക്കില്ല. ഇങ്ങനെയുള്ള സിക്കീലധേ കുട്ടികളേ എങ്ങനെ ഓർമ്മിക്കാതിരിക്കും. എന്നാൽ അനുഭവം പറയുന്നു, കുട്ടികളാണ് ബാബയെ ഓർമ്മിക്കാൻ മറന്നു പോകുന്നത്. ബാബയുടെ സജിനിയാണെന്ന് മനസ്സിലാക്കുന്നതിനേക്കാളും, കുട്ടിയാണെന്നു മനസ്സിലാക്കി കഴിഞ്ഞാൽ കൂടുതൽ ശക്തി നിറയുന്നു. എന്തുകൊണ്ടെന്നാൽ സജിനി സാജന്റെ ഹാഫ് പാർട്ട്ണറാണല്ലോ(പകുതി പങ്കാളി). കുട്ടിയാണെങ്കിൽ സമ്പത്തിന്റെ മുഴുവൻ അവകാശിയാണല്ലോ. അതുകൊണ്ടാണ് ബാബ പറയുന്നത് എനിക്ക് ജ്ഞാനീതൂ ആത്മാവിനോടാണ് പ്രിയം. സാക്ഷാത്കാരത്തിന്റെ ഇച്ഛ ചിലർക്കുണ്ടാകുന്നു, ആരാണോ മുഴുവൻ ദിവസവും ബാബാ–ബാബാ എന്നു പറഞ്ഞുകൊണ്ടിരിക്കുന്നത് അവരെയാണ് ജ്ഞാനി എന്നു പറയുന്നത്. ബാബയ്ക്കും ജ്ഞാനത്തോട് വളരെയധികം താല്പര്യമുണ്ട്. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനത്തിന്റെ വെടിയുണ്ടകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്, ഇത് പുതിയ കാര്യമല്ലേ. സാക്ഷാത്കാരം ലഭിക്കുന്നവർക്ക് ജ്ഞാനമില്ല. സാക്ഷാത്കാരം മോശമാണെന്ന് ബാബ ഒരിക്കലും പറയില്ല. ഭക്തി മാർഗ്ഗത്തിൽ സാക്ഷാത്കാരം ലഭിക്കുമ്പോൾ സന്തോഷിക്കുന്നു, പക്ഷേ അവർക്ക് മുക്തിധാമത്തിലേക്ക് പോകാൻ സാധിക്കില്ല. ബാബ പറയുന്നു, നിങ്ങൾ എന്റെ ധാമത്തിലേക്ക് വരുന്നവരാണ്. നിങ്ങൾക്കറിയാം നിങ്ങൾ ഈ ജ്ഞാനത്തിലൂടെ ഭാവിയിലെ രാജകുമാരനായിത്തീരുന്നു. ഈ കണ്ണുകളിലൂടെ കാണാനായി ദേവതകൾ ഇവിടെയില്ലല്ലോ. ചിത്രങ്ങളുണ്ടല്ലോ. കൃഷ്ണനെ നിങ്ങൾ കാണുന്നു, അവിടെ രാജകുമാരീ–കുമാരന്മാരുടെ രാസലീലകളുണ്ടാകുന്നു, അഥവാ ബാല ലീലകളും കാണുന്നു. എന്നാൽ എപ്പോൾ മഹാറാണിയായിത്തീരും, എപ്പോൾ രാജകുമാരനായി മാറും എന്നൊന്നും തന്നെ അന്ന് അറിയില്ലായിരുന്നു. ബാബ സാക്ഷാത്കാരം ചെയ്യിച്ചിരുന്നത് നിശ്ചയമുണ്ടാകാനാണ്, നമ്മളും ഭാവി

യിലെ മഹാറാണിയായിമാറിക്കൊണ്ടിരിക്കുന്നു എന്ന നിശ്ചയമുണ്ടാകാൻ. സത്യയുഗത്തിൽ നമ്മുടെ ആത്മാവും ശരീരവും രണ്ടും പവിത്രമാണെന്നുള്ളത് ജ്ഞാനത്തിലൂടെയും നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. ഹംസൊ സൊഹം എന്ന മന്ത്രം ഇപ്പോഴുള്ളതാണ്. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ യാണ് ശക്തി ലഭിക്കുന്നത്. ഒരു കളിയുണ്ടല്ലോ(ഹാത്മതായിയുടെ കളി), വായിൽ നാണയമിടുമ്പോൾ തന്നെ മായ അപ്രത്യക്ഷമാകുന്നു. സ്വയം ഭഗവാൻ പറയുന്നു എന്റെ ഓമന കുട്ടികളേ – സർവ്വ ജോലികൾ ചെയ്തുകൊണ്ടും ബുദ്ധികൊണ്ട് എന്നെ മാത്രം ഓർമ്മിക്കണം. നിങ്ങൾക്ക് ഒരേയൊരു പരമധാമത്തിലേ ക്കാണ് യാത്ര ചെയ്യേണ്ടത്. മറ്റുള്ള മനുഷ്യർ യാത്രയിലേക്ക് പോകുമ്പോൾ ധാരാളം അലയുന്നു. നാലു ധാമങ്ങളും ബുദ്ധിയിലുണ്ടാകും. എന്നാൽ നിങ്ങളുടെ ബുദ്ധിയിൽ ഒരേയൊരു പരമധാമം മാത്രമേയുള്ളൂ. നിങ്ങളെന്താണ് ആഗ്രഹിക്കുന്നതെന്ന് ആരോടെങ്കിലും ചോദിക്കുകയാണെങ്കിൽ, അവർ മുക്തി എന്നു പറയും. സന്യാസിമാരും ശാന്തിയ്ക്കു വേണ്ടിയാണ് വീടും കുടുംബവും ഉപേക്ഷിക്കുന്നത്. കാട്ടിലേക്ക് പോകുന്നത്. അവർ ജനന–മരണത്തിൽ നിന്നും മുക്തമാകാൻ ആഗ്രഹിക്കുന്നു, മോക്ഷം ലഭിക്കാൻ ആഗ്ര ഹിക്കുന്നു. എന്നാൽ സദാ കാലത്തേക്ക് ആർക്കും ജനന–മരണത്തിൽ നിന്നും മുക്തമാകാൻ സാധിക്കി ല്ല. ഇത് അനാദിയായ പൂർവ്വനിശ്ചിത നാടകമാണ്. ഡ്രാമയുടെ ഈ രഹസ്യത്തെക്കുറിച്ച് ആർക്കും തന്നെ അറിയില്ല. രചയിതാവ്, സംവിധായകൻ, മുഖ്യഅഭിനേതാവിനെക്കുറിച്ചും ആർക്കും അറിയില്ല. നിങ്ങൾക്ക റിയാം ഈ നാടകത്തിന് പൂർണ്ണമായും നാലു ഭാഗങ്ങളുണ്ട്. അല്ലാതെ സത്യയുഗത്തിന്റെ ആയുസ്സ് ഒരി ക്കലും നീളമേറിയതല്ല. ജഗന്നാഥപുരിയിൽ പച്ചരിയുടെ ഉരുള സമർപ്പിക്കുമ്പോൾ അത് നാലു ഭാഗമായി പിളരുന്നു. ഈ ലോകം തന്നെ നാലു യുഗങ്ങളുടെ നാടകമാണ്. ഇതിന്റെ ആദി മദ്ധ്യ അന്ത്യത്തെക്കുറിച്ച് നിങ്ങൾക്കറിയാം, ഇത് കളിയാണ്. നമ്മൾ ദേവീ–ദേവതകൾ തന്നെയാണ് രാജ്യം ഭരിച്ചിരുന്നത്. പിന്നീട് നമുക്കു തന്നെയാണ് പരാജയം സംഭവിച്ചത്, നമ്മൾ തന്നെ വിജയിക്കുന്നു. ഇത് 5000 വർഷത്തിന്റെ കാര്യ മാണ്. ഇവിടെ ഓരോരുത്തരും തനിക്കു വേണ്ടിയാണ് പുരുഷാർത്ഥം ചെയ്യുന്നത്. ആര് എത്രത്തോളം മറ്റുള്ളവരെ തനിക്കു സമാനമാക്കി മാറ്റുന്നുവോ ബാബ അവർക്ക് സമ്മാനവും നൽകുന്നു. ബാബ പറ യുന്നു യോഗാഗ്നിയുലൂടെ നിങ്ങളുടെ പാപം സ്വതവേ നശിക്കുന്നു. അല്ലാതെ ഞാൻ ഒന്നും തന്നെ ചെയ്യുന്നില്ല. നിങ്ങൾ തന്റെ പുരുഷാർത്ഥത്തിലൂടെയാണ് രാജ്യപദവി നേടുന്നത്, രാജാ ജനകന്റെ ഉദാഹ രണമുണ്ടല്ലോ. ഇതിനെയാണ് സാക്ഷാത്കാരമെന്നു പറയുന്നത്.

നിങ്ങൾക്കറിയാം നമ്മൾ ജീവന്മുക്തിയിലേക്ക് പോകാനുള്ള പുരുഷാർത്ഥമാണ് ചെയ്തുകൊണ്ടിരിക്കു ന്നത്, ഇതിനായി ജ്ഞാനത്തിന്റെ ആവശ്യമുണ്ട്. നമുക്കൊരിക്കലും മുക്തിയിൽ തന്നെ നിൽക്കേണ്ടതായ ആവശ്യമില്ല. നമ്മുടെത് ആൾറൗണ്ട് പാർട്ടാണ്. എങ്ങനെയാണോ നിങ്ങൾ ട്രെയിനിൽ വരുമ്പോൾ അഹ മദാബാദ് വഴി വരുന്നത്, അതുപോലെ നമുക്കും മുക്തി വഴിയാണ് ജീവന്മുക്തിയിലേക്ക് പോകേണ്ടത്. ഇടയ്ക്കിടെ പരമധാമത്തെ ഓർമ്മിച്ചുകൊണ്ടിരിക്കൂ, മറ്റു വിദ്യാലയങ്ങളിൽ 5–6 മണിക്കൂർ പഠിപ്പിക്കുന്നു, ഇവിടെ ഇത്രയ്ക്കും പഠിപ്പിക്കാൻ സാധിക്കില്ല. അതുകൊണ്ടാണ് ഒരു മണിക്കൂർ, അരമണിക്കൂറെന്നു പറ യുന്നത്..... ഇതിലും ഏറ്റവും നല്ല സമയം അമൃതവേളയാണ്. സ്നാനം ചെയ്യുന്നതും അമൃതവേളയ്ക്കാ ണ്. ഒരു തവണ മുരളി കേട്ട് പിന്നീട് പോയിന്റുകൾ ആവർത്തിച്ചുകൊണ്ടിരിക്കൂ. ടേപ്പിലാണ് മുരളി റെക്കോർഡ് ചെയ്യുക. നിങ്ങൾ 15 ദിവസങ്ങൾക്കു ശേഷം ആ മുരളി കേൾക്കുകയാണെങ്കിലും കേൾക്കു മ്പോൾ തന്നെ റിഫ്രെഷാകുന്നു. ചില പോയിന്റുകൾ ശ്രദ്ധയിലില്ലെങ്കിൽ തന്നെ കേൾക്കുമ്പോൾ പെട്ടെന്നു ഓർമ്മവരുന്നു. മുരളിയുടെ നോട്ടുകൾ തന്റെ പക്കൽ വെക്കുന്നത് നല്ലതാണ്, കാരണം ഇത് വെടിയുണ്ട യല്ലേ. ധാരാളം കുട്ടികൾ നോട്ടുകൾ വെക്കുന്നുണ്ട്. എങ്ങനെയാണോ വക്കീൽമാരും ഡോക്ടർമാരും തന്റെ പക്കൽ ഒരുപാട് പുസ്തകങ്ങൾ വെക്കുന്നത്, ആരാണോ ധാരാളം പുസ്തകങ്ങൾ പഠിക്കുന്നവർ അവർ നല്ല മരുന്നുകൾ നൽകുന്നു. അതുപോലെ ഇവിടെയും ചിലർ നല്ല രീതിയിൽ നോട്ടുകൾ എഴുതു ന്നവരുണ്ട്, ചിലർ എഴുതുന്നുമില്ല. ബാബ പറയുന്നു, ഇതും നിങ്ങളുടെ കർമ്മബന്ധനമാണ്. അത് അവ രുടെ തന്നെ വികർമ്മമാണ്. നിങ്ങൾ കുട്ടികൾക്കറിയാം നമ്മുടെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. എങ്ങനെയാണോ ആദ്യം ബ്രിട്ടീഷുകാർ ഇങ്ങോട്ടു വന്നതു തന്നെ വ്യാപാരത്തിനു വേണ്ടിയല്ലേ, എന്നാൽ വ്യാപാരം ചെയ്തുകൊണ്ടിരുന്നപ്പോൾ മനസ്സിലായി, ഇവർ പരസ്പരം കലഹിച്ചുകൊണ്ടിരിക്കുന്നവരാ ണെന്ന്, അപ്പോൾ എന്തുകൊണ്ട് തന്റെ സൈന്യത്തെ കൊണ്ട് വന്ന് രാജ്യം കൈയ്യടക്കിക്കൂടാ എന്ന് ചിന്തിച്ചു. എന്നാൽ നിങ്ങൾക്ക് വളരെയധികം സഹജമാണ്. ഇവിടെ ആരെയും കൊല്ലുന്ന കാര്യമൊന്നു മല്ല. നിങ്ങൾ യോഗബലത്തിലൂടെയാണ് രാജ്യഭാഗ്യം നേടുന്നത്. സത്യയുഗത്തിലുള്ള ലക്ഷ്മി–നാരായ ണന് എങ്ങനെ രാജ്യപദവി ലഭിച്ചു? കലിയുഗീ രാത്രി പൂർത്തിയായി സത്യയുഗമാകുന്ന പകൽ ഉണ്ടാക ണം. പകൽ സമയത്ത് രാജ്യപദവിയും, രാത്രിയിൽ കോലാഹലങ്ങളുമാണ്. ബാബ വരുമ്പോൾ നമ്മൾ സനാഥരായിത്തീരുന്നു. കലിയുഗത്തിനു ശേഷം പിന്നീട് സത്യയുഗമാണ്. അനേകധർമ്മങ്ങൾക്കു ശേഷം പിന്നീട് ഒരുധർമ്മമാണ് വരുന്നത്. ആരാണോ കല്പം മുമ്പ് രാജ്യപദവി നേടിയത് അവരാണ് ഇപ്പോഴും

നേടുന്നത്. ആ ലോകത്തെ സ്വർഗ്ഗീയ ദൈവീക രാജധാനിയെന്നു പറയുന്നു. ഇപ്പോൾ നരകമാണ്, നിർവ്വാണധാമത്തെ ബ്രഹ്മാണ്ഡമെന്നാണ് പറയുന്നത്, അവിടെ നിങ്ങൾ അണ്ഡാകൃതിയിലാണ് വസിക്കുന്നത്. നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ബ്രഹ്മാണ്ഡത്തിന്റെയും സൃഷ്ടിയുടെയും ജ്ഞാനമുണ്ട്. എത്ര സഹജമായ കാര്യമാണ്. ഗീതയാണ് മുഖ്യമായത്. ഗീതയിൽ ഭഗവാന്റെ പേര് തന്നെ മാറ്റി. ഇത് ജ്ഞാനത്തിന്റെ വെടിയുണ്ടയാണ്. ഒരു കാര്യത്തെക്കുറിച്ച് യുക്തിപൂർവ്വം മനസ്സിലാക്കി കൊടുക്കൂ. ഈ സമയം എല്ലാവരും ചെളിക്കുണ്ടിൽ അകപ്പെട്ടിരിക്കുകയാണ്. ബാബ വന്ന് ഈ ചെളിക്കുണ്ടിൽ നിന്നും മുക്തമാക്കാനായി സാധന ചെയ്യിപ്പിക്കുകയാണ്. മായ ചിറക് ഒടിച്ചിരിക്കുന്നു, പറക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ എല്ലാവർക്കും പവിത്രമായി തിരികെപ്പോകണം.

ബാബയിൽ നിന്നും വീണ്ടും രാജ്യഭാഗ്യം നേടുന്നതിനായി നിങ്ങൾ പുരുഷാർത്ഥം ചെയ്യുകയാണ്. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾക്ക് സന്തോഷമുണ്ടായിരിക്കണം. ആരാണോ നല്ല രീതിയിൽ ധാരണ ചെയ്ത് മറ്റുള്ളവരെപ്പോലും തനിക്കു സമാനമാക്കി മാറ്റുന്നത്, അവർക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കും. നമ്പർവൺ ആയി പാസ്സാകുന്നവർക്ക് സന്തോഷമുണ്ടായിരിക്കുമല്ലോ. അവർക്ക് ഗവൺമെന്റ് പോലും സ്കോളർഷിപ്പ് നൽകുന്നു. നിങ്ങളുടെ മാലയും ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. 108 ന്റെ മാലയും ഉണ്ട്. 16108 ന്റെ മാലയുമുണ്ട്. ഒരു ബോക്സ് ഉണ്ടാക്കി അതിൽ നിക്ഷേപിക്കുന്നു. ഈ മാലകളെല്ലാം ആരുടെതാണെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി. എന്തിനെയാണ് രുദ്രാക്ഷ മാലയെന്നു പറയുന്നത്. ആദ്യം ബ്രഹ്മാവിന്റെ മാലയാണ്. ബാബ ബ്രഹ്മാവിലൂടെയാണ് രചിക്കുന്നത്. ആരാണോ ബ്രഹ്മാവിന്റെ ഹൃദയത്തിൽ സ്ഥാനം നേടുന്നത് അവർക്കാണ് ശിവബാബയുടെയും ഹൃദയത്തിൽ സ്ഥാനം ലഭിക്കുക. ഇതാണ് ബ്രഹ്മാവിന്റെ മാല. മാലയിലെ എല്ലാവരും കുട്ടികളാണല്ലോ. അപ്പോൾ ആദ്യം ബ്രഹ്മാവിന്റെ മാല, പിന്നീട് രുദ്രമാല, അതിനുശേഷമാണ് വിഷ്ണുവിന്റെ കഴുത്തിലെ മാലയിൽ കോർക്കപ്പെടുന്നത്. സ്വർഗ്ഗീയ രാജധാനിയാണ് ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. ഈ മനുഷ്യ സൃഷ്ടി തന്നെയാണ് സ്വർഗ്ഗവും നരകവുമായിത്തീരുന്നത്. സ്വർഗ്ഗത്തിൽ വസിക്കുന്നത് ദേവി-ദേവതകളാണ്. സ്വർഗ്ഗത്തിലുള്ളവർ തന്നെയാണ് പിന്നീട് നരകത്തിലേക്കും വരുന്നത്. പിന്നീട് നരകത്തിൽ നിന്നും സ്വർഗ്ഗത്തിലേക്കും പോകുന്നു. മായയുടെ മേൽ വിജയിച്ച് ജഗത്ജീത്താകുന്നു. നിങ്ങൾക്കറിയാം നമ്മൾ അനേക തവണ ഈ പാർട്ട് അഭിനയിച്ചിട്ടുണ്ട്. നിങ്ങൾക്കു മാത്രമേ സ്വർഗ്ഗത്തെ കാണാൻ സാധിക്കൂ, ഞങ്ങൾക്ക് കാണാൻ സാധിക്കില്ലേ? എന്നാരെങ്കിലും ചോദിക്കുകയാണെങ്കിൽ, പറയണം, എല്ലാവർക്കും ഒരിക്കലും അങ്ങോട്ട് പോകാൻ സാധിക്കില്ല. അത് അസാധ്യമാണ്. ഓരോരുത്തർക്കും തന്റെ സതോ രജോ തമോ പാർട്ട് അഭിനയിക്കുക തന്നെ വേണം. എന്നാൽ ഇതാർക്കുമറിയില്ല. നിങ്ങൾക്കറിയാം നമ്മുടെ രാജധാനി സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരികളാകുകയാണ്. ഡ്രാമ നിങ്ങളെ തീർച്ചയായും പുരുഷാർത്ഥം ചെയ്യിപ്പിക്കുക തന്നെ ചെയ്യും. ഡ്രാമയിൽ ബ്രഹ്മാവിലൂടെയാണ് മുരളി ഉച്ചരിക്കേണ്ടത്. പുരുഷാർത്ഥമില്ലാതെ നിങ്ങൾക്ക് ഒന്നും സാധിക്കില്ല. പുരുഷാർത്ഥം കൂടാതെ നിങ്ങൾക്കങ്ങനെ വെറുതെയിരിക്കാനൊന്നും സാധിക്കില്ല. കല്പം മുമ്പ് എങ്ങനെ മുരളി നടന്നോ അതുപോലെ ഇപ്പോഴും ഉണ്ടാകും. എത്ര ഗുഹ്യമായ കാര്യങ്ങളാണ്. തീർച്ചയായും ഡ്രാമയ്ക്ക് പുനരാവർത്തിക്കുക തന്നെ വേണം. നമ്മൾ നിശ്ചിന്ത ചക്രവർത്തികളാണ്, പരമപിതാ പരമാത്മാവായ ശിവന്റെ പേരക്കുട്ടികളാണ്. അങ്ങനെയുള്ളവർക്ക് എന്തിനെക്കുറിച്ച് ചിന്തിക്കാനാണ്! ഇത് രാജയോഗമാണ്. ബാബ പറയുന്നു, ഇപ്പോൾ പഴയ കർമ്മക്കണക്കുകൾ ഇല്ലാതാക്കൂ, അതിൽ നിന്നും ബുദ്ധിയോഗത്തെ അകറ്റണം. പിന്നീട് എത്രത്തോളം നിങ്ങൾ രാജയോഗത്തിലൂടെ സമ്പാദിക്കുന്നുവോ അത്രത്തോളം നിങ്ങളുടെ ബുദ്ധി 21 ജന്മത്തേക്ക് സമ്പന്നമാകുന്നു, ഇതിൽ ഭയപ്പെടേണ്ടതായ കാര്യമൊന്നുമില്ല. നൽകുന്നയാൾ ബാബയാണ്. ബാബ പറയുന്നു എന്തെല്ലാമാണോ നിങ്ങളുടെ പക്കലുള്ളത് അത് സർവ്വതും സമർപ്പിക്കൂ. ഇവിടെ നിങ്ങൾക്ക് കൊട്ടാരങ്ങളൊന്നും തന്നെ ഉണ്ടാക്കേണ്ടല്ലോ. ഈ പൈസകൊണ്ട് നിങ്ങൾ എന്ത് ചെയ്യാനാണ്. കേവലം മൂന്നടി മണ്ണ് കൊണ്ട് സെന്റർ തുറക്കൂ. ഇത് അതിശക്തമായ സർവ്വകലാശാല അഥവാ ആശുപത്രിയാണ്. മറ്റുള്ള സാധാരണ ആശുപത്രികൾ ധാരാളമുണ്ട്. ഇതുപോലുള്ള ഒരേയൊരു ആശുപത്രിയാണുള്ളത്. ആരാണോ ധർമ്മിഷ്ഠരായവർ അവർ പറയും എന്തുകൊണ്ട് നമുക്ക് ഇങ്ങനെയുള്ള ആശുപത്രി തുറന്ന് മനുഷ്യരെ സദാ ആരോഗ്യശാലിയാക്കിക്കൂടാ, ബാബ നമുക്ക് ആരോഗ്യവും സമ്പത്തും പ്രദാനം ചെയ്യുന്നുണ്ടല്ലോ അതിനാൽ എന്റെ പക്കലുള്ളതെല്ലാം തന്നെ അങ്ങയുടേതാണ്, ബാബ എന്ത് കാര്യത്തിനു വേണമെങ്കിലും ഉപയോഗിച്ചോളൂ എന്ന് അവർ പറയുന്നു. അങ്ങനെ നിശ്ചയത്തോടെ പൂർണ്ണമായും അനുകരിക്കേണ്ടേ. ഓരോരുത്തരും തന്റെ കുലത്തെക്കുറിച്ച് ഉയർത്തി പറയാറുണ്ട്. നിങ്ങൾ ബ്രാഹ്മണരാണെന്നു പറയുന്നു, അപ്പോൾ എന്തുകൊണ്ട് സർവ്വതും ട്രാൻസ്ഫറാക്കിക്കൂടാ. ബാബ 21 ജന്മത്തേക്ക് ചക്രവർത്തി പദവി നൽകുന്നു. ബാബയുടെ സേവനത്തിൽ മുഴുകുകയാണെങ്കിൽ നിങ്ങളൊരിക്കലും വിശന്ന് മരിക്കുകയില്ല. നമുക്ക് എന്തിനാണ് ചിലവുള്ളത്. വയറിനു വേണ്ടി കേവലം രണ്ടു റൊട്ടി കഴിക്കുന്നു, അത്ര മാത്രം.

ലോകത്തിലെ മനുഷ്യർക്കാണെങ്കിൽ ധാരാളം ചിലവാണ്. വിവാഹച്ചടങ്ങുകൾക്കൊക്കെ ധാരാളം ചിലവാണ്. നമുക്ക് ചിലവൊന്നുമില്ല. നിങ്ങളുടെ വിവാഹ നിശ്ചയം ശിവബാബയോടൊപ്പമാണ്. ഇതിൽ ചില്ലറ പൈസയുടെ ചിലവു പോലുമില്ല. വിവാഹ നിശ്ചയം കഴിഞ്ഞ് നമ്മൾ ബാബയോടൊപ്പം തിരികെ പോകുന്നു. ഇവിടെയും നിങ്ങൾ കുട്ടികൾക്ക് സേവനം ചെയ്യണം. നിങ്ങൾക്ക് ഇവിടെയുള്ള തന്റെ ഓർമ്മചിഹ്നത്തെക്കണ്ട് സന്തോഷമുണ്ടായിരിക്കണം. ഇത് നമ്മുടെ മമ്മാ-ബാബയുടെ ഓർമ്മ ചിഹ്നമാണ്, നമ്മൾ ദേവി-ദേവതകളുടെ ഓർമ്മചിഹ്നമാണ്. മുഖ്യമായും 5-7 ഓർമ്മചിഹ്നങ്ങളാണ്. അതിലാദ്യം ശിവബാബയുടെ ഓർമ്മ ചിഹ്നം തന്നെയാണ്. ബാബയ്ക്കു തന്നെ അനേക പേരുകളാണ്. പിന്നീട് സൂക്ഷ്മ വതനവാസിയായ ബ്രഹ്മാ-വിഷ്ണു-ശങ്കരന്റെ ഓർമ്മ ചിഹ്നമാണ്.  പിന്നീട് മനുഷ്യ സൃഷ്ടിയിൽ സംഗമയുഗികളായ ജഗദംബ, ജഗത്പിതാ, ശക്തികളായ നിങ്ങൾ കുട്ടികളുടെ ഓർമ്മ ചിഹ്നം. സത്യയുഗത്തിലുള്ള ലക്ഷ്മി-നാരായണന്റേതും അത്രമാത്രം. ബാക്കി അനേക പ്രകാരത്തിലുള്ള ക്ഷേത്രം പണിതിട്ടുണ്ട്. അതിലെല്ലാം തന്നെ എത്രത്തോളം അലയേണ്ടി വരുന്നു. നിങ്ങൾ സർവ്വ കാര്യങ്ങളിൽ നിന്നും മുക്തമായി, എത്ര സന്തോഷത്തിലാണ് ജീവിക്കുന്നത്. മനുഷ്യനിൽ നിന്നും ദേവ തുല്യനാക്കുന്ന മറ്റൊരു സർവ്വ കലാശാലയുമില്ല. നിങ്ങളുടെത് ഈശ്വരീയ വിദ്യാർത്ഥി ജീവിതമാണ്. നിങ്ങൾ പിന്നീട് പാസ്സായി ട്രാൻസ്ഫറാകുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1. അമൃതവേളയിൽ മുരളി കേട്ട് പിന്നീട് പോയിന്റ് ആവർത്തിച്ചു പഠിക്കണം. തീർച്ചയായും മരളിയുടെ നോട്ട് (കുറിപ്പ്) തയ്യാറാക്കണം. സന്തോഷത്തോടെയിരിക്കുന്നതിനായി തനിക്കു സമാനമാക്കി മാറ്റുന്ന സേവനം ചെയ്യണം.

2. ബ്രഹ്മാബാബയുടെ ഹൃദയത്തിൽ സ്ഥാനം ലഭിക്കുന്നതിനായി ജ്ഞാന-യോഗത്തിൽ തീവ്രഗതിയിൽ മുന്നേറണം. നമ്പർവൺ ആയി പാസ്സായി സ്കോളർഷിപ്പ് നേടണം.

## വരദാനം:- ഡ്രാമയിൽ സമസ്യകളെ കളിയെന്ന് മനസ്സിലാക്കി കൃത്യമായ വേഷം അഭിനയിക്കുന്നവരായ ഹീറോ പാർട്ട് ധാരികളായി ഭവിക്കട്ടെ.

ഹീറോ പാർട്ട്ധാരിയെന്ന് അവരെയാണ് പറയുക-ആരുടെയാണോ ഒരു കർമ്മവും സാധാരണമായിരിക്കില്ല, ഓരോ പാർട്ടും കൃത്യമായിരിക്കും. എത്ര തന്നെ സമസ്യകളുണ്ടാകട്ടെ, എങ്ങിനെയുള്ള പരിതസ്ഥിതികളാകട്ടെ ആർക്കും അധീനരാകുകയില്ല, അധികാരിയായി സമസ്യകളെ അപ്രകാരം മറികടക്കും കളിച്ച്-കളിച്ച് മറി കടക്കുന്നത് പോലെ. കളിയിൽ സദാ സന്തോഷമുണ്ടാകുന്നു, എങ്ങിനെയുള്ള കളിയാകട്ടെ, പുറമെ കരയുവാനുള്ള പാർട്ടുമായിരിക്കും പക്ഷെ ഉള്ളിലുണ്ടായിരിക്കും ഇതെല്ലാം പരിധിയില്ലാത്ത കളിയാണെന്ന്. കളിയെന്ന് മനസ്സിലാക്കുന്നതിലൂടെ വലിയ സമസ്യകളും ലൈറ്റായി മാറും.

## സ്ലോഗൻ:- ആര് സദാ പ്രസന്നരായിരിക്കുന്നുവോ അവർ തന്നെയാണ് പ്രശംസക്ക് പാത്രമാകുന്നത്.